'ഭരണഭാഷ – മാതൃഭാഷ'

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിത ശിശു വികസന വകുപ്പ് – സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം – കാലതാമസം പരിഗണിക്കാതെ ധനസഹായം അനുവദിക്കുന്നതിനുള്ള അപേക്ഷകൾ പരിഗണിക്കുന്നത് സംബന്ധിച്ച് പൊതുവായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനിത ശിശു വികസന (എ) വകുപ്പ്**

**സ.ഉ. (കൈ) നം.13/2025/വശിവിവ തീയതി, തിരുവനന്തപുരം, 19.07.2025**

പരാമർശം:- 1. സ.ഉ.(സാധാ)നം.677/2019/സാനീവ തീയതി 28.10.2019.

**<u>ഉത്തരവ്</u>**

സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായ പദ്ധതി പ്രകാരമുള്ള അപേക്ഷയിൽ മൂന്ന് വർഷം വരെ സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ കാലതാമസം പരിഗണിക്കാതെ അനുമതി നൽകുന്നതിനുള്ള അധികാരം പരാമർശം (1) പ്രകാരം ബന്ധപ്പെട്ട ജില്ലാ കളക്ടർക്കാണ്. കാലതാമസം പരിഗണിക്കാതെ ധനസഹായം അനുവദിക്കുന്നതിന് ചുവടെ ചേർക്കുന്ന മാർഗനിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി പൊതു ഉത്തരവ് പുറപ്പെടുവിക്കുന്നു.

- വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായ അപേക്ഷ സമർപ്പിക്കുവാനുള്ള പരമാവധി കാലാവധി വിവാഹശേഷം നാലുവർഷം ആയിരിക്കും. ഇതിൽ മൂന്നുവർഷം വരെ ഉള്ള കാലതാമസം മാപ്പാക്കുന്നതിന് നിലവിലുള്ള രീതി തന്നെ തുടരുന്നതാണ്.
- മൂന്നുവർഷത്തിനുശേഷം ലഭിക്കുന്ന അപേക്ഷകളിൽ അവസാന ഒരു വർഷത്തെ കാലതാമസം മാപ്പാക്കുന്നതിനുള്ള പൂർണ്ണ അധികാരം സർക്കാരിനായിരിക്കും.
- നാലുവർഷം കഴിഞ്ഞ് സമർപ്പിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്ന സമയത്ത് തന്നെ നിരസിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**സന്തോഷ് കുമാർ ടി.കെ.**

**അഡീഷണൽ സെക്രട്ടറി**

ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, പൂജപ്പുര, തിരുവനന്തപുരം.

എല്ലാ ജില്ലാ കളക്ടർമാർക്കും.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി.&എസ്.എസ്.എ/എ&ഇ), കേരളം, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (പ്രസിദ്ധീകരണത്തിന്).

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.